ഗവ. എസ്. വി. എൽ. പി. സ്കൂൾ

കാഞ്ഞീറ്റുകര

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

| | | |
|---|---|---|
| ജില്ല | - | പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | - | തിരുവല്ല |
| ഉപജില്ല | - | വെണ്ണിക്കുളം |

# ഉള്ളടക്കം


| SL NO | വിഷയം | പേജ് |
|---|---|---|
| 1 | ആമുഖം | |
| 2 | പൊതു ലക്ഷ്യങ്ങൾ | |
| 3. | അവസ്ഥാ പഠനം. | |
| 4. | അക്കാദമികവും ഭൗതികവുമായ നേട്ടങ്ങൾ, പരിമിതികൾ. | |
| 5. | വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ | |
| 6 | ഉപസംഹാരം | |
| | | |
| | | |

# ആമുഖം

അവിനൂർ ഗ്രാമപഞ്ചായത്തിന്റെ 14-ാം വാർഡിൽ പുന്നേഴം എന്ന സ്ഥലത്താണ് കാഞ്ഞിരക്കര ഗവ. എസ്. വി. എൽ. പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. 1927 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. ആദ്യകാലത്ത് S.N.D.P. 250-ാം നമ്പർ ശാഖയുടെ വകയായി ശാരദാ വിലാസം സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് സർക്കാർ ഏറ്റെടുത്തിരിക്കുകയും അന്നുമുതൽ ഗവൺമെന്റ് സ്കൂളായി പ്രവർത്തിച്ചു വരുന്നു. എസ്. എസ്. കെയുടെയും അവിനൂർ ഗ്രാമപഞ്ചായത്തിന്റെയും സഹായത്തോടെ ശിശുസൗഹൃദവിദ്യാലയമാക്കുന്നതിന്റെ ഭാഗമായി മനോഹരമായി ചിത്രം വരച്ചിരിക്കുന്നതും, ടൈലിട്ട് ഭംഗിയാക്കിയതും ഉള്ള 5 ക്ലാസ് മുറികൾ ഈ വിദ്യാലയത്തിനുണ്ട്. എല്ലാ ക്ലാസ് മുറികളും ഭിത്തികൾ വേർതിരിച്ചതും I.C.T. [illegible] പഠനം സാധ്യമാകുന്ന തരത്തിലുള്ള സംവിധാനമുള്ളവയുമാണ്. കോൺക്രീറ്റ് ചെയ്ത ഓഫീസ് മുറിയും അതോടു ചേർന്ന് മറ്റൊരു മുറിയുമായി ഒരു കെട്ടിടം കൂടി സ്കൂളിനുണ്ട്. ആ കെട്ടിടത്തിന്റെ മുകളിലായി നിർമ്മിച്ച ഓഡിറ്റോറിയത്തിൽ 125 പേർക്ക് ഇരിക്കാവുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രത്യേകമായ പാചകപ്പുര ഉണ്ട്

അക്കാദമിക - അനക്കാദമിക പ്രവർത്തനങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഈ സ്കൂളിനു കഴിയുന്നു. ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തിപരിചയമേളകൾ, കലോത്സവങ്ങൾ എന്നിവയിലെല്ലാം മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഈ സ്കൂളിലെ കുട്ടികൾക്ക് കഴിയുന്നുണ്ട്.

മികച്ച ഒരു ലൈബ്രറി ഈ സ്കൂളിനുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിച്ച ലാപ്ടോപ്പും

[illegible] പ്രോജക്ടുകളും കൈറ്റിൽ നിന്നും ലഭിച്ച ലാപ്ടോപ്പ് പ്രൊജക്ടർ. എന്നിവ ഒക്കെ ഉപയോഗിച്ച് കുട്ടികളെ ICT സാധ്യതകൾ പ്രയോജനപ്പെടുത്തി അധ്യയനം നടത്തുന്നതിൽ അധ്യാപകർ ശ്രമിക്കുന്നു.

ഈ അധ്യയനവർഷം pre-primary classലേക്ക് Stars പദ്ധതിയിൽ ഉൾപ്പെടുത്തി Smart TV, Speaker Tab എന്നിവ ലഭിച്ചു.

പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളുടെ വിവരങ്ങൾ

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| നേഴ്സറി | 3 | 3 | 6 |
| ക്ലാസ് - 1 | 1 | 0 | 1 |
| ക്ലാസ് - 2 | 4 | 2 | 6 |
| ക്ലാസ് - 3 | 1 | 2 | 3 |
| ക്ലാസ് - 4 | 4 | 1 | 5 |

പ്രധമാധ്യാപിക - 1
അധ്യാപകർ - 3
നേഴ്സറി ടീച്ചർ - 1
ആയ - 1
പി.ടി.സി.എം - 1
പാചക തൊഴിലാളി 1

## മുൻ വർഷങ്ങളിലെ സ്കോളർഷിപ്പ് നേട്ടങ്ങൾ

| വർഷം | എണ്ണം |
|---|---|
| 2020-21 | 1 |
| 2022-23 | 1 |
| 2023-24 | 1 |
| 2024-25 | 1 |

## പൊതു ലക്ഷ്യങ്ങൾ

* പൊതു വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം കൊടുക്കുക.
* കുട്ടിയുടെ അറിവ് കേവലം വിഷയ പഠനത്തിൽ ഒതുങ്ങാതെ സർഗാത്മക കഴിവുകളും വികസിപ്പിക്കുന്ന സമഗ്രവികസനം ലക്ഷ്യമാക്കുക.
* സ്കൂളിന്റെ ചുറ്റുപാടുമുള്ള മുഴുവൻ കുട്ടികളെയും നമ്മുടെ സ്കൂളിലേക്ക് ആകർഷിക്കുക.
* ഉയർന്ന സംസ്കാരമുള്ള നല്ലൊരു പൗരനായി ഓരോ കുട്ടിയെയും വളർത്തിയെടുക്കുക
* ജീവിതമൂല്യങ്ങൾ അറിഞ്ഞു വളരുക.
* കുട്ടി നേടേണ്ട പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിന് മതിയായ പഠനാനുഭവങ്ങൾ നൽകുക (ഓരോ ക്ലാസിലേയും)

- ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണക്കാക്കി പഠനാനുഭവം നൽകുക.

- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കൂടുതൽ മികച്ച പഠനത്തിലേക്ക് പ്രീ-പ്രൈമറി മുതൽ ആരംഭിക്കുക.

- വിദ്യാലയത്തെ തന്നെ ഒരു പാഠപുസ്തകം ആക്കുക എന്ന ആശയം പ്രാവർത്തികമാക്കുക.

- നവമാധ്യമങ്ങൾ കുട്ടികളിലെ വായനയ്ക്ക് വിലങ്ങുതടിയാകാനുള്ള സാധ്യത മുന്നിൽക്കണ്ട് കുട്ടികളെ വായനയിലേക്ക് ആകർഷിക്കുക.

- വായനയിലൂടെ അറിവ് നേടുക. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.

- ആരോഗ്യ-ആഹാര-വ്യായാമ രംഗത്ത് വിദഗ്ദ്ധരുടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. ലഹരി. മദ്യപാനം തുടങ്ങിയവയ്ക്ക് എതിരെ പ്രതികരിക്കുക.
- L.S.S പരീക്ഷ, യുറീക്ക തുടങ്ങിയ വിജ്ഞാനോത്സവങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസം സാധ്യമാക്കുക.

- ഭയമോ. ഉൽക്കണ്ഠയോ കൂടാതെ കുട്ടികൾക്ക് അഭിപ്രായ പ്രകടനം നടത്താൻ കഴിയുക.
- പരിസ്ഥിതി സംരക്ഷണം - പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം ശുചിത്വ വിദ്യാലയം എന്നിവ നിലനിർത്തുക.

# അവസ്ഥാ പഠനം

എല്ലാ ക്ലാസിലും പഠനശേഷികൾ കൈവരിക്കാത്ത കുട്ടികളുണ്ട്. അവർക്ക് ശ്രദ്ധ കൊടുക്കുന്നതും പിന്തുണാ ബുക്കിന്റെ സഹായത്തോടെ കൂടുതൽ പ്രവർത്തനങ്ങൾ നൽകലും ചെയ്യുന്നു

പിന്തുണാ പ്രവർത്തനത്തിനായി തയ്യാറാക്കിയ എന്ന അക്കാദമിക് പ്ലാൻ ആസൂത്രണങ്ങളും അതനുസരിച്ച് മൂന്ന് മാസ കാലയളവിൽ കുട്ടികളെ അവരുടെ എഴുത്തും വായനയും എത്രത്തോളം കൈവരിച്ചിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് ഉച്ചക്ക് 1.30 മുതൽ 2 മണിവരെ ഉള്ള സമയങ്ങളിൽ ഈ പ്രവർത്തനത്തിനായി സമയം കണ്ടെത്തുകയും ചെയ്യുന്നു. ഒന്നാമത്തെ ഗ്രൂപ്പുകാർക്ക് എഴുതുവാനും വായിക്കുവാനും അറിയാവുന്ന കുട്ടികൾ ആണ്. അവർക്ക് സർഗാത്മക രചനയും പ്രവർത്തനങ്ങൾ നൽകി വരുന്നു. പുതിയ സൃഷ്ടികൾക്കും ഉള്ള പ്രവർത്തനങ്ങളും വാചകങ്ങളും രണ്ടാമത്തെ ഗ്രൂപ്പിൽ ചെറിയ വാക്കുകളും സ്വയമെഴുതാൻ പ്രാപ്തരാക്കുന്നു. മൂന്നാം ഗ്രൂപ്പിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനവും നൽകുന്നു. 1, 3, 4 ക്ലാസിലെ അധ്യാപകർക്കാണ് പ്രവർത്തനത്തിന്റെ ചുമതല നൽകുന്നത്.

ഇംഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ അസംബ്ലി-ലെവലിൽ activities നൽകിവരുന്നു. Phonetic sound, Small conversation, നിത്യേന ഉപയോഗിക്കുന്ന വാചകങ്ങൾ എന്നിവയും നൽകി വരുന്നു.

എല്ലാ അധ്യാപകരും അവധിക്കാല training cluster തുടങ്ങി എല്ലാ training-ൽ പങ്കെടുക്കുകയും വരുന്ന അക്കാദമിക മാറ്റങ്ങൾക്കനുസരിച്ച് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

സ്കൂളിൽ കുട്ടികൾക്ക് പ്രകൃതി സൗഹൃദ പഠനാന്തരീക്ഷമാണ് ഒരുക്കിയിരിക്കുന്നത്. ലഹരിക്കെതിരെയും സുരക്ഷ അവബോധമുള്ളവരായ കുട്ടികളായി വളരുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ സ്കൂൾ മുൻകൈയെടുത്ത് സംഘടിപ്പിക്കുന്നു

## അക്കാദമികവും ഭൗതികവുമായ നേട്ടങ്ങളും പരിമിതികളും

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം | മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| ശിശുസൗഹൃദമായ കെട്ടിട സമുച്ചയം | ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടാനുണ്ട്. |
| ശിശുസൗഹൃദമായ ഫർണിച്ചറുകൾ സ്മാർട്ട് ക്ലാസ്റൂം | ICT ഉപകരണങ്ങൾ ഉണ്ടെങ്കിലും സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തതിനാൽ പഠനപ്രവർത്തനങ്ങൾ ICT യുമായി ബന്ധപ്പിച്ച് നൽകുന്നതിൽ പ്രയാസം നേരിടുന്നു. കെ-ഫോൺ കണക്ഷൻ ഇതുവരെ ലഭ്യമാക്കിയിട്ടില്ല |
| ഓരോ കുട്ടിയുടെയും കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |

| | |
|---|---|
| പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പഠനപിന്തുണയും വ്യക്തിഗത സപ്പോർട്ടും . | IED കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു.<br><br>പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റരീതിയിൽ നടപ്പാക്കുന്നു.<br><br>പഞ്ചായത്തുമായി സഹകരിച്ച് യോഗ കായിക പരിശീലനം മുതലായവ ലഭ്യമാക്കുന്നു. | വായനക്ക് നല്ല പ്രോത്സാഹനം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ എത്തിക്കാൻ സാധിച്ചിട്ടില്ല. |

# വിഷയ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ

അക്കാദമിക മാസ്റ്റർ പ്ലാൻ വിവിധ അക്കാദമിക പാഠ്യതര മേഖലകളിലെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു

## ഭാഷാ വികസനം

ഭാഷാ വികസനത്തിനായുള്ള പൊതുലക്ഷ്യങ്ങൾ, എല്ലാ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. മികച്ച വായനാശീലം വളർത്തുന്നത് ഒരു പ്രധാന ലക്ഷ്യമാണ്

## ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസത്തിൽ, എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. സ്വതന്ത്രമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും വിദ്യാർത്ഥികളെ സജ്ജരാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇംഗ്ലീഷ് ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. ക്ലാസ് ലൈബ്രറിയിലും ലഭിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കുന്നു. പുസ്തകങ്ങളുടെ ചെറിയ description ചെറിയ sentence-ലൂടെ എഴുതാൻ പരിശീലിപ്പിക്കുന്നു

## പരിസരപഠനം

പരിസരപഠനത്തിനായുള്ള ലക്ഷ്യങ്ങൾ ശാസ്ത്രീയ താൽപര്യം വളർത്തുന്നതിലും ശാസ്ത്രീയ അവബോധവും മനോഭാവവും വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നത് നൈപുണ്യ വികസനത്തിൽ ഉൾപ്പെടുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നു

# ഗണിതം

ഗണിത ശാസ്ത്ര ലക്ഷ്യങ്ങളിൽ എല്ലാവരും ഉയർന്ന നിലവാരത്തിൽ 1-8 ചതുഷ്ക്രിയകളിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം ഉറപ്പാക്കുന്ന ഗണിതത്തെ ദൈനംദിന ജീവിതസന്ദർഭങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ബോധം ഉണർത്തിക്കുന്നു. എല്ലാ കുട്ടികളിലും ഗണിതാഭിരുചി, യുക്തിചിന്ത, വിശകലനശേഷി എന്നിവ വളർത്തുന്നതിലൂടെ ബൗദ്ധിക വികസനത്തിന് ഊന്നൽ നൽകുന്നു

● ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ

വിവരസാങ്കേതിക വിദ്യ സംബന്ധിച്ച് വിവരസാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും അറിവ് നിർമ്മാണ പ്രക്രിയയിൽ അതിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യങ്ങൾ. കുട്ടികൾക്ക് ആവശ്യമുള്ളത് സ്വതന്ത്രമായും നിർഭയമായും ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ് ഇത് ഡിജിറ്റൽ സാക്ഷരതയും ആത്മവിശ്വാസവും പ്രോത്സാഹിപ്പിക്കുന്നു.

## പ്രവൃത്തി പരിചയം

എല്ലാ കുട്ടികളിലും നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും നൈപുണ്യം വർധിപ്പിക്കുന്ന ഉപയോഗപ്രദമായ ഉണ്ടാക്കാനുള്ള തൊഴിൽ മറ്റ് വിഷയങ്ങളുമായും പ്രവൃത്തി പരിചയ പ്രവർത്തനങ്ങളെ പഠനമേഖലകളുമായും ബന്ധിപ്പിക്കുന്നു

## കലാപരിശീലനം

കലാപരിശീലന ലക്ഷ്യങ്ങളിൽ കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുകയും കലാഭിരുചി വളർത്തുകയും ചെയ്യുക എന്നത് ഉൾപ്പെടുന്നു. ഓരോ കുട്ടിയുടെയും തനത് കഴിവ് വികസിപ്പിക്കുന്നതിന് അവസരങ്ങൾ നൽകുന്നു. വിദ്യാരംഗം പ്രവർത്തനങ്ങളിലൂടെ കൂടുതൽ അവസരങ്ങൾ നൽകുന്നു

# ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ പഠനത്തോടൊപ്പം സാഹചര്യങ്ങളെയും ബുദ്ധിമുട്ടുകളെയും അനായാസം നേരിടാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് എല്ലാ കുട്ടികൾക്കും ശാരീരിക ക്ഷമത ഉറപ്പാക്കുക എന്നതിനൊപ്പം ലക്ഷ്യമാണ് ഒപ്പം നല്ല ആരോഗ്യശീലങ്ങൾ വളർത്തുകയും ചെയ്യുക. എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് സൗകര്യം ആവശ്യാനുസരണം നൽകാനും സ്കൂളിനെ പ്രാപ്തമാക്കിയ വിദ്യാലയമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു

## വിശദമായ പ്രവർത്തന പദ്ധതികൾ

മലയാളത്തിലെ അടിസ്ഥാനപരമായ വിടവുകൾ നികത്തുന്നതിന് വിവിധ പദ്ധതികൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്

പ്രവർത്തനം 1

പേര് : പുസ്തക പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ലൈബ്രറിക്ക് മുന്നിൽ പുസ്തകങ്ങൾ ലഘുവിവരണങ്ങളോടെ പ്രദർശിപ്പിച്ച് കുട്ടികളിൽ സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ലൈബ്രറി ചുമതലയുള്ള അധ്യാപകർ |

പ്രവർത്തനം 2

പേര് : റേഡിയോ (ആകാശവാണി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനാശീലം വളർത്താൻ | എല്ലാ ക്ലാസിലും ഉച്ച സമയത്ത് വായിക്കാൻ അവസരം നൽകുന്നു. ഓരോ കുട്ടിയും ലൈബ്രറി പുസ്തകം ഉച്ചത്തിൽ വായിക്കുന്നു | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർമാർ |

പ്രവർത്തനം 3

ക്ലാസ് തലപത്രം

സ്കൂൾ വാർത്തകളും ക്ലാസ് മുറി വിവരങ്ങളും പങ്കുവെക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഓരോ ക്ലാസിലും ഒരു പത്രമെന്ന രീതിയിൽ മാസത്തിൽ ഒരു തവണ ചെയ്യുന്നു

പ്രവർത്തനം 4

പുസ്തക ചങ്ങാതി

വായിച്ച പുസ്തകങ്ങളെക്കുറിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി library പുസ്തകങ്ങൾ നൽകുന്നു.

പ്രവർത്തനം 5

മലയാളത്തിളക്കം

മലയാളത്തിൽ പഠന ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസവുമായി ചെയ്തുവരുന്നു. ഇത് സ്കൂളിന്റെ സ്വയം വിലയിരുത്തലിൽ തിരിച്ചറിഞ്ഞ ഒരു പരിമിതിയെ അഭിസംബോധന ചെയ്യുന്നു. എല്ലാ ദിവസവും 1.15 മുതൽ 1.45 വരെയാണ് സമയം. കുട്ടികളെ മൂന്ന് group കളായി തിരിച്ച് പ്രവർത്തനം ചെയ്യുന്നു

പ്രവർത്തനം 6

പാട്ടരങ്ങ്

വൈകാരിക പ്രകടനം, ശബ്ദ ഉപയോഗം, സംഗീതാത്മകത എന്നിവയിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്താൻ ലക്ഷ്യമിടുന്നു. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പാട്ടുകൾ പഠിപ്പിക്കുകയും അവയുടെ അവതരണം ക്രമീകരിക്കുകയും ചെയ്യുന്നു

പ്രവർത്തനം 7

റീഡേഴ്സ് തീയേറ്റർ

അഭിനയത്തിലൂടെ വായനാ താൽപര്യവും വ്യക്തിത്വ വികാസവും വളർത്താനാണ് റീഡേഴ്സ് തീയേറ്റർ ലക്ഷ്യമിടുന്നത്. കഥാപാത്രങ്ങൾ, സംഭാഷണ ശൈലികൾ, ശബ്ദ വ്യതിയാനങ്ങൾ എന്നിവ ഉപയോഗിച്ച് വായനയെ ഒരു പ്രകടനമായി അവതരിപ്പിക്കുന്നു.

പ്രവർത്തനം 8

ഭാഷോത്സവം

ഭാഷാ ആശയവിനിമയത്തിന്റെ വിവിധ രൂപങ്ങൾ മനസ്സിലാക്കാനും ഭാഷാ പ്രാവീണ്യം പ്രകടിപ്പിക്കാനും ലക്ഷ്യമിടുന്നു. പ്രസംഗങ്ങൾ, കഥപറച്ചിൽ, കവിതാപാരായണം, കൊളാഷുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തത്തിലൂടെ ഇത് നേടുന്നു.

## ഉപസംഹാരം

Govt SVLPS കാഞ്ഞിരംകുളത്തെ അക്കാദമിക മാസ്റ്റർ
പ്ലാൻ 2025-26 സ്കൂൾ മെച്ചപ്പെടുത്തുന്നതിനുള്ള
സമഗ്രവും ചിട്ടയായതുമായ ഒരു സമീപനത്തെ പ്രതിനിധീ-
കരിക്കുന്നു. വിവിധ വിഷയങ്ങളിലുടനീളമുള്ള അടിസ്ഥാന-
പരമായ കഴിവുകൾ നേടുന്നതിനും വിശാലമായ സമൂഹത്തെയും
അതിന്റെ നിർവഹണത്തിനും അധ്യാപകരെയും രക്ഷിതാ-
ക്കളെയും സജീവമായി ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി
ഒരു സഹകരണ മനോഭാവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

പരീക്ഷാ മാർക്കിലൂടെ മാത്രമല്ല നിരന്തരവും
പ്രക്രിയാധിഷ്ഠിതവുമായ വിലയിരുത്തലിലൂടെ വിദ്യാർത്ഥികളുടെ
പുരോഗതി മനസ്സിലാക്കുന്നതിനുള്ള സമഗ്ര പുരോഗതി രേഖ
അക്കാദമിക നിരീക്ഷണം എന്നിവ പദ്ധതിയുടെ മുഖ്യപ്രധാന
ശക്തിയാണ്. ഇത് ആധുനിക വിദ്യാഭ്യാസത്തിൽ മികച്ച
സമ്പ്രദായങ്ങളുമായി യോജിക്കുന്നു. എന്നിരുന്നാലും നിലവിലുള്ള
വെല്ലുവിളികളെയും ഈ പദ്ധതി തുറന്നു സമ്മതിക്കുന്നു.
ആധുനിക അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തി-
യിട്ടുണ്ടെങ്കിലും സ്ഥിരതയില്ലാത്ത ഇന്റർനെറ്റ് കണക്ടിവിറ്റി
തുടങ്ങിയ പ്രശ്നങ്ങൾ ഇവയെ തടസപ്പെടുത്തുന്നു. കൂടാതെ
വിദ്യാർത്ഥികളിൽ ഒരു വിഭാഗത്തിന് അടിസ്ഥാന ഭാഷ, ഗണിതത്തിലെ
വിടവുകൾ എന്നിവ എടുത്തുകാണിക്കുന്ന മാസ്റ്റർ പ്ലാനിന്റെ വിശദമായ
പ്രവർത്തന പദ്ധതികൾ, പ്രത്യേകിച്ച് പരിഹാരമായ IT അധ്യാപക
ശാക്തീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു

സാരത്തിൽ Govt SVLPS കാഞ്ഞിരംകുളത്തിലെ
അക്കാദമികവും പ്രവർത്തനപരവുമായ ഭാവിക്കായി ഓരോ കുട്ടിയുടെയും
കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ വ്യക്തമായ ശ്രദ്ധ കേന്ദ്രീകരിച്ച്
സജീവവും വ്യവസ്ഥാപിതവുമായ ഒരു പാത രൂപരേഖ ചെയ്യുന്ന
ഒരു ശക്തമായ തന്ത്രപരമായ മാർഗ്ഗനിർദ്ദേശമായി മാസ്റ്റർ
പ്ലാൻ വർത്തിക്കുന്നു.